കൊച്ചി നഗരസഭയുടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ

114 [889] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയുടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ എന്ന് പൂർത്തിയാകും;

(ബി) പ്രസ്തുത പ്രോജക്ടിന് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-3-2006-ന് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ധനസഹായം നൽകുന്നുണ്ട്.

കൊച്ചി കോർപ്പറേഷനെ സംബന്ധിച്ച് ഓംബുഡ്സ്മാൻ പുറപ്പെടുവിച്ച ഉത്തരവുകൾ

115 [890] ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി കോർപ്പറേഷനെ സംബന്ധിച്ചും അതിന്റെ മേയറെപ്പറ്റിയും എന്തെല്ലാം ഉത്തരവുകൾ ഓംബുഡ്സ്മാൻ പാസ്സാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത ഉത്തരവുകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി കോർപ്പറേഷനിലെ നിർമ്മാണ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ഓംബുഡ്സ്മാനിൽ നിന്നും ചില നിർദ്ദേശങ്ങൾ/ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ മേയർക്കെതിരെ ഒ. പി. 272/2000, 704/2000, 1168/2000, 1440/2001, 231/2004 കേസ്സുകളിലായി വിവിധ വിഷയങ്ങളിൽ ഓംബുഡ്സ്മാൻ ഷോകോസ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നെങ്കിലും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അതു സംബന്ധിച്ച വ്യവഹാര നടപടികളും സ്റ്റേ ഉത്തരവും നിലനിന്നുവരുന്നതിനാൽ ഓംബുഡ്സ്മാനിൽ നിന്നും മേയർക്കെതിരെ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് അയയ്ക്കപ്പെട്ട ഉത്തരവുകളൊന്നും ഇപ്പോൾ പ്രാബല്യത്തിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓംബുഡ്സ്മാൻ നഗരസഭയ്ക്ക് നൽകിയ നിർദ്ദേശങ്ങളിൽ ടൗൺപ്ലാനിംഗ്, പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ നിറവേറ്റുകയും കൂടുതൽ സമയം ആവശ്യമുള്ളതും ഓംബുഡ്സ്മാൻ അപ്രകാരം അനുവദിക്കുകയും ചെയ്തിട്ടുള്ളതുമായ എഞ്ചിനീയറിംഗ് നിർമ്മാണപരമായ കാര്യങ്ങളിൽ നിർവ്വഹണ നടപടികൾ എടുത്തു വരുന്നതുമാണ്.

സ്വയം സഹായ സംഘങ്ങൾ

116 [891] ശ്രീ. ഷിബു ബേബിജോൺ :

" ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളെ കണ്ടെത്തി അവർക്ക് മുന്നേറുവാൻ കഴിയുന്നതരത്തിൽ കൂടുതൽ ഉദാരവും പ്രോത്സാഹജനകവുമായ സഹായങ്ങൾ നൽകാൻ നപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത സ്വയം തൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ.) പ്രകാരം സ്വയം സഹായ സംഘങ്ങളുടെ ശാക്തീകരണത്തിനും ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുംവേണ്ട സഹായങ്ങൾ നൽകിവരുന്നുണ്ട്.

(ബി) എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം ഈ പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ 11332 സ്വയം സഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് സഹായവും 5332 സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് വായ്പയും സബ്സിഡിയും നൽകിയിട്ടുണ്ട്.

കുടുംബശ്രീ പദ്ധതി

117 [893] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-2001 കാലഘട്ടത്തിൽ കുടുംബശ്രീ പദ്ധതി എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിരുന്നു;

(ബി) 2001-04 കാലഘട്ടത്തിൽ എത്ര കാലംകൊണ്ട് ബാക്കിയുണ്ടായിരുന്ന പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി;

ചോദ്യം നമ്പർ (892)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly